LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

14 [192] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 2005 ജൂൺ 30 വരെയുള്ള കടബാദ്ധ്യത മൊത്തം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് കടം വഹിച്ചിട്ടുള്ളത്;

(സി) എ. ഡി. ബി. വായ്പ ഇനത്തിൽ എത്ര തുക കിട്ടി;

(ഡി) ഇനി എത്ര തുക കിട്ടാനുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണ്. അതിന് ശേഷമുള്ള കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും എൽ. ഐ. സി., ജി. ഐ. സി., നബാർഡ്, എൻ. സി. ഡി. സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനം കടം വാങ്ങിയിട്ടുണ്ട്.

(സി) എ. എഫ്. ആർ. ആന്റ് എം. ജി. പി. ലോൺ വകയിൽ എ. ഡി. ബി. യിൽ നിന്നും 1036.50 കോടി രൂപ അധിക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ഇത് 70:30 എന്ന അനുപാതത്തിൽ വായ്പയും ഗ്രാന്റുമാണ്.

(ഡി) എ. എഫ്. ആർ. ആന്റ് എം. ജി. പി. ലോൺ വകയിൽ ഇനി 25 മില്യൺ ഡോളർ ലഭിക്കാനുണ്ട്. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എ. ഡി. ബി. 32.45 ദശലക്ഷം യു. എസ്. ഡോളർ വായ്പയായും 23.8 ദശലക്ഷം യു. എസ്. ഡോളർ ഗ്രാന്റായും ആകെ 56.25 ദശലക്ഷം യു. എസ്. ഡോളർ അനുവദിച്ചിട്ടുണ്ട്. ടി തുക ലഭിച്ചിട്ടില്ല.

പൊതുകടം വർദ്ധിക്കുന്നതുമൂലം വികസന പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന തടസ്സം

15 [193] *ശ്രീ. കെ. വി. രാജേന്ദ്രൻ:*

,, *ബിനോയ് വിശ്വം:*

,, *എം. കുമാരൻ:*

,, *എം. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചു വരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

(ബി) കടബാദ്ധ്യത സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ പൊതുകടം 2001 മെയ് മാസത്തിൽ എത്ര, ഇപ്പോഴത്തെ കടം എത്ര;

(ഡി) 2001 മെയ് മുതൽ സംസ്ഥാനത്തിന് എത്ര കോടി രൂപ കടം വാങ്ങേണ്ടി വന്നു; ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് കടം ലഭിച്ചത്; ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സംഖ്യ എത്ര വീതം എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന ഗവൺമെന്റ് പലിശ ഇനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) കടം കുറച്ചുകൊണ്ട് വരുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ കാലങ്ങളിലെ പദ്ധതി ചെലവ് പൂർണ്ണമായും കടമെടുപ്പിലൂടെ സമാഹരിച്ചതും പദ്ധതി അടങ്കലിലെ ചെലവുകളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിനായി കൂടുതൽ കടമെടുക്കേണ്ടി വന്നതുമാണ് പൊതുകടം വർദ്ധിക്കുവാൻ കാരണം.

(ബി) ഇല്ല.

(സി) 31-3-2001-ൽ പൊതുകടം 23919 കോടി രൂപയായിരുന്നു. 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണ്.

(ഡി) 2001 ഏപ്രിൽ മുതൽ 2004 ഏപ്രിൽ വരെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കടത്തിന്റെ കണക്കുകൾ മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. ആയത് താഴെ കാണും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) (രൂപ കോടിയിൽ)

വർഷം	LIC	GIC	NABARD	NCDC
2000-2001	329.65	26.40	78.61	38.84
2001-2002	360.92		155.71	65.78
2002-2003	425.00	65.90	114.37	42.50
2003-2004	440.00	40.00	117.53	123.46

(രൂപ കോടിയിൽ)

വർഷം	പദ്ധതി
2000-2001	2257.60
2001-2002	2489.47
2002-2003	2946.76
2003-2004	3328.30
2004-2005*	2989.96

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം

(എഫ്) പദ്ധതി ചെലവ് വർദ്ധിച്ചു വരുന്നതിനാൽ പൊതുകടം കുറയ്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഡെബ്റ്റ് സ്വാപ് സ്കീം പ്രകാരം പലിശ ബാദ്ധ്യത കുറയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുകടം

16 [194] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-5-2005-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റ 2001 മേയ് 17-ന് സംസ്ഥാനത്തെ പൊതുകടം എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly